**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 217** **27-06-2022 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | **സംസ്ഥാനത്ത് ആരോഗ്യവകുപ്പ് ആർദ്രം മിഷൻ നടപ്പിലാക്കാൻ ആരംഭിച്ചതു മുതൽ വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ നിശ്ചിത മാർഗരേഖകൾ അനുസരിച്ച് ഘട്ടംഘട്ടമായി പരിഷ്കരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് പുറമേ ദേശീയ ആരോഗ്യമിഷൻ വഴിയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും താൽക്കാലിക അടിസ്ഥാനത്തിൽ ഡോക്ട ർമാർ അടക്കമുള്ള ജീവനക്കാരെ നിയമിച്ച് ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവന ങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നാഷണൽ മെഡിക്കൽ കൗൺസിൽ, ദന്തൽ കൗൺസിൽ, നഴ്സിംഗ് കൗൺസിൽ, ഫാർമസി കൗൺസിൽ, പാരാമെഡിക്കൽ കൗൺസിൽ എന്നീ കൗൺസിലുകൾ നിഷ്കർഷിക്കുന്ന മാർഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.** |
| (ബി) | സംസ്ഥാനത്തെ ഭൂരിഭാഗം ആശുപത്രികളും അടിസ്ഥാനസൗകര്യ വികസനത്തിൽ സമീപകാലത്ത് കൈവരിച്ച നേട്ടത്തിന്റെ ഫലം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഉതകുംവിധം സ്റ്റാഫ് പാറ്റേൺ കൂടി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ; | (ബി) | **സംസ്ഥാനത്ത് ആരോഗ്യവകുപ്പ് ആർദ്രം മിഷൻ നടപ്പിലാക്കാൻ ആരംഭിച്ചതു മുതൽ വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ നിശ്ചിത മാർഗരേഖകൾ അനുസരിച്ച് ഘട്ടംഘട്ടമായി പരിഷ്കരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് പുറമേ ദേശീയ ആരോഗ്യമിഷൻ വഴിയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും താൽക്കാലിക അടിസ്ഥാനത്തിൽ ഡോക്ട ർമാർ അടക്കമുള്ള ജീവനക്കാരെ നിയമിച്ച് ജനങ്ങൾക്ക് മെച്ചപ്പെട്ട** |

| | | | |
|---|---|---|---|
| | | | **ആരോഗ്യ സേവന ങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നാഷണൽ മെഡിക്കൽ കൗൺസിൽ, ദന്തൽ കൗൺസിൽ, നഴ്സിംഗ് കൗൺസിൽ, ഫാർമസി കൗൺസിൽ, പാരാമെഡിക്കൽ കൗൺസിൽ എന്നീ കൗൺസിലുകൾ നിഷ്കർഷിക്കുന്ന മാർഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.** |
| (സി) | ജനറൽ ആശുപത്രികളായും മെഡിക്കൽ കോളേജുകളായും ആർദ്രം മിഷനിൽ ഉൾപ്പെട്ട് അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളിൽ ബെഡ് കപ്പാസിറ്റി ഉയർത്തുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഓരോ തലത്തിലുള്ള ആശുപത്രികളിലും ഉണ്ടായിരിക്കേണ്ട മിനിമം ജീവനക്കാരുടെ സ്റ്റാന്റേർഡ് തീരുമാനിച്ച് ഉത്തരവാക്കുകയും<br><br>ആയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ 3378 തസ്തികകളും നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം 311 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4232 തസ്തികകളും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 24 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഏത് വർഷത്തിൽ നിശ്ചയിച്ചതാണെന്ന് വ്യക്തമാക്കാമോ; ജനസംഖ്യയിലുള്ള വർദ്ധനവിന് ആനുപാതികമായി ആയത് പരിഷ്കരിക്കുമോ? | (ഡി) | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പിന് 1961 നും മെഡിക്കൽ വിഭാഗത്തിന് 2000 ത്തിന് ശേഷവും ദന്തൽ വിഭാഗത്തിന് 2017 ലും, നഴ്സിംഗ് വിഭാഗത്തിന് 2006 ലും ഫാർമസി കൗൺസിൽ വിഭാഗത്തിന് 2014 ലുമാണ് നിശ്ചയിച്ചിട്ടുള്ളത്. ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി ഘട്ടംഘട്ടമായി പരിഷ്കരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ